# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3712 15.05.2017-ൽ മറുപടിക്ക്

## ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം. കെ. മുനീർ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വകുപ്പിൽ 2014-15, 2015-16 അദ്ധ്യയന വർഷം അനുവദിച്ച ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് 2017-ലെ ബഡ്ജറ്റിൽ എത്ര രൂപയാണ് അനുവദിച്ചത്; ഇത് പ്രകാരം പുതിയതായി അനുവദിച്ച സർക്കാർ സ്കൂൾ/എയ്ഡഡ് സ്കൂൾ/അഡീഷണൽ ബാച്ച് എന്നിവയിൽ എത്ര തസ്തികയാണ് സൃഷ്ടിക്കുക; തരംതിരിച്ച് കണക്ക് നൽകാമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നിലപാട് എന്താണ്; ഈ അദ്ധ്യാപകർക്ക് മുൻകാല പ്രാബല്യം നൽകുമോ ; | (ബി) | 2014-15, 2015-16 അദ്ധ്യന വർഷങ്ങളിൽ സർക്കാർ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾക്ക് / ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക-ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ 11.04.2016-ലെ സ.ഉ(കൈ) നം.76/2016/പൊവി നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച അധ്യാപക തസ്തിക സൃഷ്ടിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. തസ്തിക സൃഷ്ടിക്കുന്നതുവരെ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയലിൽ ധനകാര്യവകുപ്പിന്റെ ശിപാർശ എന്തായിരുന്നു; വ്യക്തമാക്കാമോ; | (സി) | ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീയഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരായും 24 പീരിയഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി |

45 മിനിട്ടിന് താഴെയാണ് ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വൻപിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കന്ററി അധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം വിശദമായി പരിശോധിച്ചു വരുന്നു.

(ഡി) ടി സ്കൂളുകളിൽ ഏതു വർഷം മുതൽ തസ്തിക സൃഷ്ടിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്;

(ഡി) 2017-18 അധ്യയന വർഷം തസ്തിക സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ടി സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മൂന്നു വർഷമായി ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ഏതെല്ലാം വർഷത്തെ ഗസ്റ്റ് വേതനം നൽകാനാണ് ധനകാര്യവകുപ്പ് അംഗീകാരം നൽകിയത്; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

(ഇ) വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ.**